കേരള സർക്കാർ

# മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി4)1814/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 16.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി4)1814/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 16.09.2017

# എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 30.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.07.2017 മുതൽ 03.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പോളി ടി.ഒ., ഓഡിറ്റ് ഓഫീസർ |
| | കവിതാദേവി.വി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ബെന്നി സെബാസ്റ്റ്യൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ചെറിയാൻ തോമസ് | 01.04.2016 | 31.03.2017 |
| സെക്രട്ടറി | രാധാകൃഷ്ണൻ.ടി.പി. | 1.4.2016 | 31.03.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | പി.സി. വിൽസൺ | 01.04.2016 | 09.01.2017 |
| | ലസിത കെ.എസ്. | 09.1.2017 | 31.03.2017 |
| വി.ഇ.ഒ. മഞ്ഞപ്ര സർക്കിൾ | സുധ.എം.എ. | 01.04.2016 | 31.03.2017 |
| വി.ഇ.ഒ. തവളപ്പാറ സർക്കിൾ | സ്മിത കെ. ശശീന്ദ്രൻ | 01.04.2016 | 31.03.2017 |
| കൃഷി ഓഫീസർ | അമീറ ബീഗം. എ. | 01.04.2016 | 31.03.2017 |
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി കെ.ജി. | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | സി.സി. ലിസ്സി | 01.04.2016 | 31.05.2016 |
| | തോമസ് ഒ.എ. | 01.06.2016 | 12.07.2016 |
| | ശ്രീജ . ജി.എസ്. | 13.07.2016 | 17.08.2016 |
| | അനുപ്രിയ. ആർ. | 19.08.2016 | 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ. ശൈലേഷ് കുമാർ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.സലിമ അബ്ദുൾസലാം | 01.04.2016 | 31.03.2017 |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. മഞ്ജു ജോൺ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.കെ.എസ്. മിനി | 01.04.2016 | 20.01.2017 |
| | ഡോ.ചിത്ര വേലായുധൻ | 21.01.2017 | 31.03.2017 |
| ഹെഡ്മിസ്ട്രസ്സ് ഗവ.എൽ.പി.എസ്. | ലതാ എബ്രഹാം | 01.04.2016 | 02.06.2016 |
| | ലിസി പോൾ | 03.06.2016 | 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സജീവ്കുമാർ.പി.ആർ. | 01.04.2016 | 31.03.2017 |

ഉള്ളടക്കം



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ. | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്റ്റ് | 1-12 |
| | ഭാഗം - 2 | |
| 13 | തനത് ഫണ്ട് ഒന്നിലധികം അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു. | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല. | 2-2 |
| 15 | വസ്തു നികുതി അസ്സസ്സ് ചെയ്തതിൽ കുറവ് | 2-3 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല. | 2-4 |
| | ഭാഗം - 3 | |
| 17 | മരാമത്ത് പ്രവത്തികൾ –റോഡ് മെയിന്റനൻസ്സ് അപാകതകൾ തടസ്സപ്പെടുത്തുന്നു | 3-1 |
| 18 | ബിറ്റുമിൻ ലഭിക്കാത്തത് | 3-2 |
| 19 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – കോൺക്രീറ്റ് കട്ട നിർമ്മാണം | 3-3 |
| 20 | ആദായനികുതി ഈടാക്കിയില്ല – കേന്ദ്രസർക്കാരിന് നഷ്ടം | 3-4 |
| 21 | ആയുർവ്വേദ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ–അപാകത | 3-5 |
| 22 | കന്നുകുട്ടി പരിപാലന പദ്ധതി -775000/-രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| 23 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ ന്യൂനതകൾ | 3-7 |
| 24 | വെള്ളക്കരത്തിന് പിഴ | 3-8 |
| 25 | വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയില്ല | 3-9 |
| | ഭാഗം - 4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 28 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം.1 |
| 36 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം.2 |
| 37 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.3 |
| 38 | ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്.

2016-17 വർഷത്തെ ബജറ്റ് 28.03.2016ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 12,76,63,500 | 11,61,23,583 |
| അക്കൗണ്ടസ് പ്രകാരം | 3,96,41,774 | 8,80,21,726 |

ഇ.എഫ്.എം.എസ്. മുഖേന MGNREGS, ബി-ഫണ്ട് എന്നീയിനങ്ങളിൽ നടത്തിയ14789013/- രൂപയുടേയും 27763525/- രൂപയുടേയും വരവു ചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കുകൾ നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസമുണ്ടെന്ന് കാണാം. ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഈ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ വിവിധ കാരണങ്ങളാൽ 975000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾക്കായി ഈ റിപ്പോർട്ടിന്റെ 2, 3 ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 21.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ

## വിവരം.

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ന്യൂനതകളൊന്നും ശ്രദ്ധയിൽപ്പെട്ടില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ അനുബന്ധങ്ങളായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 37,99,546 |
| വരവ് | 3,94,22,019 |
| ആകെ | 4,32,21,565 |
| ചെലവ് | 3,71,81,399 |
| നീക്കിബാക്കി | 60,40,166 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക (അലോട്ട്മെന്റ്) | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 6046897 | 6046897 | 5534476 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1867053 | 1867053 | 1533375 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 10086 | 10086 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 23632572 | 23632572 | 11437852 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2554755 | 2554755 | 2192699 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3391430 | 3391430 | 2761381 | 0 |
| ലോകബാങ്ക് സഹായം | 0 | 1592366 | 1592366 | 546110 | 0 |
| MGNREGS | 290 | 15899596 | 15899886 | 15882496 | 17390 |
| ബി ഫണ്ട് | 0 | 27763525 | 27763525 | 27763525 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാ | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | ക്കിയത് (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 46515737 | 90 | 25628401 | 15 | 43 | 67.67% |

# 1-7 തനത് വരുമാനം.

ഓഡിറ്റ് വർഷം പഞ്ചായത്തിന് തനത് വരുമാനത്തിൽ 24.8% വർദ്ധനയുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3154932 | 4091257 | (+) 936325 | (+) 29.68% |
| നികുതിയേതര വരവുകൾ | 792808 | 778647 | (-) 14161 | (-) 3.57% |
| മറ്റുവരവുകൾ | 31576 | 96602 | (+) 65026 | (+)205.93% |
| ആകെ | 3979316 | 4966506 | (+) 987190 | (+)24.80% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10920 | 6 |
| കർഷകത്തൊഴിലാളി പെൻഷൻ | 1156800 | 133 |
| വിധവാപെൻഷൻ | 7566070 | 763 |
| വാർദ്ധക്യകാലപെൻഷൻ | 16251225 | 1826 |
| വികലാംഗപെൻഷൻ | 2082620 | 245 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 485890 | 55 |
| വിവാഹ ധനസഹായം | 2,10,000 | 7 |

സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.റ്റി.(ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) വഴിയാണ് നൽകിവരുന്നത്.

# 1-9 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ചുള്ള പരിശോധനയിൽ താഴെപ്പറയുന്നവ ശ്രദ്ധയിൽപ്പെട്ടു.

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

പേഴ്സണൽ രജിസ്റ്റർ : തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഫീസ് മീറ്റിംഗ് മിനുട്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്.യോഗ

തീരുമാനങ്ങൾ/അഭിപ്രായങ്ങൾ മിനട്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ: ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്. ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് : ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പരാതി രജിസ്റ്റർ എഴുതി പരിപാലിക്കുന്നതായി കാണുന്നില്ല.

പൊതുടാപ്പുകളുടെ വിശദാംശങ്ങൾ ഉള്ള രജിസ്റ്റർ, തെരുവുവിളക്കുകളുടെ രജിസ്റ്റർ , പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

# 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.07.2017ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,021/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2017 | 01.06.2017മുതൽ 30.06.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.01.2014 മുതൽ 21.01.2014 വരെ | 2008-09മുതൽ 2012-13വരെ | 29.02.2014 |

# 1-12 ഓഡിറ്റ് ഇംപാക്റ്റ്

മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തെ ഓഡിറ്റിൽ തൊഴിൽ നികുതി കുറവായി ഈടാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.8 തീയതി 31.07.2017) അടിസ്ഥാനത്തിൽ 263/രൂപ രസീത് നം.117020101760 തീയതി 02.08.2017 പ്രകാരവും, 1188/രൂപ രസീത് നം.117020101763 തീയതി 02.08.2017 പ്രകാരവും, 1188/രൂപ രസീത് നം.117020101761 തീയതി 02.08.2017 പ്രകാരവും, ആകെ 2639/- രൂപ അടവാക്കുകയുണ്ടായി.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തനത് ഫണ്ട് ഒന്നിലധികം അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു.

മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം തനത് ഫണ്ട് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു. മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് നം.322-ലും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മഞ്ഞപ്ര ശാഖയിൽ അക്കൗണ്ട് നം.67383296786ലും, തനത് ഫണ്ട് സൂക്ഷിച്ചു പോരുന്നു. 26.05.2011ലെ 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം, പഞ്ചായത്തിൽ തനത് ഫണ്ട് സൂക്ഷിക്കാൻ ട്രഷറി അക്കൗണ്ടിന് പുറമേ, സഹകരണ ബാങ്കിലോ, നാഷണലൈസ്ഡ് ബാങ്കിലോ ഒരു സേവിങ്സ് ബാങ്ക് അക്കൗണ്ട് മാത്രം പരിപാലിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ തനത് ഫണ്ട്, ഒന്നിലധികം അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. തനത് ഫണ്ട് ഏതെങ്കിലും ഒരു അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും, ഇതിനായി പരിപാലിക്കുന്ന മറ്റൊരു അക്കൗണ്ട് അടിയന്തിരമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകത

മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകത കാണുന്നു.

<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.</u>

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | BSNL മഞ്ഞപ്ര | രണ്ട് അർദ്ധ വർഷവും |
| 2 | ഡിവൈൻ ഡെന്റൽ ക്ലിനിക്, മഞ്ഞപ്ര | രണ്ട് അർദ്ധ വർഷവും |

സ്ഥാപന തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കേണ്ടതാണ്.

## 2-3 വസ്തു നികുതി അസസ് ചെയ്തതിൽ കുറവ്

2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വസ്തുനികുതിയിലുണ്ടായ കുറവ് ആ ഒരു വർഷം മാത്രം ഈടാക്കിയിട്ടുണ്ട്. എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ ഈടാക്കിയിട്ടില്ല. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1-ലെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് പഞ്ചായത്ത് 30.9.11 ൽ പുറപ്പെടുവിച്ച എ3-4581/11നമ്പർ വിജ്ഞാപന പ്രകാരം ഇതര വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50/-രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തുനികുതി വിജ്ഞാപന പ്രകാരമുള്ളതിനേക്കാൾ കുറവായാണ് 2015-16 വർഷം ഈടാക്കിയത്.

| | |
|---|---|
| വാർഡ്/കെട്ടിട നം | 7/409 A |
| കെട്ടിടയുടമയുടെ പേര് | ജൊരാർദ് ജോർജ്, തിരുതനത്തിൽ |
| അസ്സസ്മെന്റ് വർഷം | 2013(18.1.16ൽ ഉടമസ്ഥാവകാശം ഏലിയാസ് പൈനാടത്ത് എന്നയാൾക്ക് കൈമാറിയിട്ടുണ്ട്.) |
| കെട്ടിടത്തിന്റെ ഉപയോഗം | ഇതര വ്യവസായം (D & O license no 134/15-16) |
| തറവിസ്തീർണം | 207.48 ച.മീ |

| | |
|---|---|
| നിർണയിക്കേണ്ടിയിരുന്ന വാർഷിക വസ്തുനികുതി 20% വർദ്ധനവിനും {വഴിസൗകര്യം} (20%ഇളവിനും {മേഖല,മേൽക്കൂര} ശേഷം) 207.48*50+20%-20% | 10,374/- |
| നിർണയിച്ച വാർഷിക വസ്തുനികുതി (20% വർദ്ധനവിനും {വഴിസൗകര്യം} (20% ഇളവിനും {മേഖല,മേൽക്കൂര}ശേഷം) 207.48*50-20% | 8299/- (8300/-) |
| കുറവ് (10374-8300) | 2074/- |

ഇപ്രകാരം കുറവ് വന്ന തുക ഓഡിറ്റ് റിക്കവറിയായി രസീത് നം. 1170201007/6-6-17 പ്രകാരം ഈടാക്കിയിട്ടുണ്ട്.
എന്നാൽ തൻവർഷവും 8,299/- രൂപ മാത്രമാണ് ഈടാക്കിയത്. 2013ൽ അസ്സസ് ചെയ്ത കെട്ടിടത്തിന്റെ നികുതിയിലെ കുറവ് 2013 മുതൽ ഈടാക്കേണ്ടതും തൻവർഷവും എല്ലാ വർഷവും 10,374/- രൂപ വീതം ഈടാക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൂന്ന് മൊബൈൽ ടവറുകളുടെ വസ്തുനികുതി 2016-17 വർഷം വരെ ഈടാക്കിയിട്ടില്ല. ടവറുകളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു. പിഴപ്പലിശ സഹിതം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ. നം | വാർഡ്.നം കെട്ടിട.നം | ടവറിന്റെ പേര് തറവിസ്തീർണം (ച.മീറ്ററിന് 500/-) | അടിസ്ഥാന വസ്തുനികുതി | ഇളവ്/ വർദ്ധനവിനു ശേഷം ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | 5/5 | റിലയൻസ്,9sq.m | 4500/- | 4950/-(20%വർദ്ധനവ്, വഴിസൗകര്യം) |
| 2 | 7/81 | ഐഡിയ, 12sq.m | 6000/- | 7200/-(20% വർദ്ധനവ്, വഴിസൗകര്യം) |
| 3 | 11/274 | ഭാരതി, 15sq.m | 7500/- | 7500/- |

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ

പഞ്ചായത്ത് തൻവർഷം 1.20കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിനാണ്. ഭൂരിപക്ഷം പ്രവൃത്തികളും കോൺക്രീറ്റിംഗ് ആണ്. കൂടാതെ റോഡ് ടാറിംഗ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്.

റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രമാണ് മെയിന്റനൻസ് ചെയ്യുന്നത്. കോൺക്രീറ്റ് ചെയുന്ന റോഡുകളുടെ ആകെ നീളമോ കോൺക്രീറ്റ് ചെയുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എം-ബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥലം സന്ദർശിച്ച് ചെയ്യപ്പെട്ടതായി പറയുന്ന പ്രവൃത്തി പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്നു പോലും തീർച്ചയില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നു. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. പ്രവൃത്തി ചെയ്ത എല്ലാ റോഡുകളുടേയും ആകെ നീളവും പ്രവൃത്തി ചെയ്ത ഭാഗത്തെ ചെയിനേജും ഫയലിലും എംബുക്കിലും രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ ഈ അപാകത പരിഹരിക്കേണ്ടതുമാണ്.

## 3-2 ബിറ്റുമിൻ ലഭിക്കാത്തത്.

തൻവർഷം ബിറ്റുമിൻ വാങ്ങുന്നതിന് BPCL-ന് 10,93,740/- രൂപയും SS Emulsion വാങ്ങുന്നതിന് Hincole–ന് 1,09,466/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ BPCL-ൽ നിന്ന് 10,49,026/- രൂപയുടെ ബിറ്റുമിനും Hincole-ൽ നിന്ന് 1,05,247/- രൂപയുടെ Emulsion–നും മാത്രമാണ് ലഭിച്ചത്. ബാലൻസ് തുക ഈടാക്കേണ്ടതാണ്.

## 3-3 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കോൺക്രീറ്റ് കട്ട നിർമാണം

ഐ. എ. വൈ പദ്ധതി പ്രകാരം വീട് പണിയുന്നവർക്ക് സൗജന്യമായി കോൺക്രീറ്റ് കട്ട നിർമിച്ച് നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 1:3:6 അനുപാതത്തിൽ കോൺക്രീറ്റ് ഉപയോഗിച്ച് 30x20x20 സെ.മി. വലുപ്പമുള്ള കട്ടകളാണ് നിർമിച്ചത്. മൂന്ന് പ്രൊജക്ടുകളിലായി 27351 എണ്ണം കോൺക്രീറ്റ് കട്ട നിർമിച്ചതിന് 14,93,428/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു കോൺക്രീറ്റ് കട്ട നിർമിച്ചതിന് 54.60/- രൂപ ചെലവ് വരുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 8,218/- കോൺക്രീറ്റ് കട്ട നീക്കിയിരുപ്പുണ്ട്. ഇത് നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടതിൽ ഇതിന് ഗുണനിലവാരം കുറവുള്ളതായി കാണുന്നു. കൂടാതെ കട്ടയുടെ വശങ്ങൾ ചരിഞ്ഞതായും കാണുന്നു. മാർക്കറ്റ് വില പ്രകാരം ഈ അളവിലുള്ള ഒരു കോൺക്രീറ്റ് കട്ടയ്ക്ക് 40/- രൂപയിൽ താഴെ മാത്രം വിലയുള്ളപ്പോൾ 54.60/- ചെലവഴിച്ച് കോൺക്രീറ്റ് കട്ട നിർമ്മിച്ചതിന്റെ ആവശ്യകത വ്യക്തമല്ല. ഈ പ്രവൃത്തിയുടെ ആകെ ചെലവിന്റെ 30% മാത്രമാണ് ലേബർ കംപോണന്റ്. ബാക്കി 70% മെറ്റീരിയൽ കോസ്റ്റ് ആണ്. ഇതിൽ നിന്നും ചെലവിൽ ചെറിയ ഭാഗം മാത്രമാണ് കൂലിയായി ചെലവഴിക്കപ്പെട്ടിട്ടുള്ളത് എന്നു കാണാം. ആയതിനാൽ ഈ പദ്ധതി നടത്തിപ്പുകൊണ്ട് കാര്യമായ തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുമില്ല എന്ന് വ്യക്തമാണ്. ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്തു നടത്തുമ്പോൾ ഉൽപ്പന്നങ്ങളുടെ നിർമ്മാണ ചെലവ് അവയുടെ മാർക്കറ്റ് വിലയിൽ അധികരിക്കാത്ത വിധം പദ്ധതി തയ്യാറാക്കേണ്ടതാണ്.

## 3-4 ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കിയിട്ടില്ല - കേന്ദ്രസർക്കാരിന് നഷ്ടം

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച താഴെപ്പറയുന്ന പ്രവൃർത്തികൾ ചെയ്ത വ്യക്തികളിൽ നിന്നും ആദായനികുതി ആക്ട് 1961 194C പ്രകാരം ആദായനികുതി ഈടാക്കിയില്ല. വിശദവിവരം താഴെകൊടുക്കുന്നു.

(1)പഞ്ചാത്ത് ബോർഡ് സ്ഥാപിക്കൽ (പഞ്ചായത്തിന്റെ 9 മേഖലകളിൽ)

| | |
|---|---|
| പ്രോജക്ട് നം. | 21/17 |
| വിഭാഗം | ധനകാര്യ കമ്മീഷൻ അവാർഡ്. |
| അടങ്കൽ | ₹.1,00,000/- |
| ചെലവ് | ₹.97,200/- |
| ചെലവ് രേഖ | ബിൽ നം.899/16-17 തീയതി 29/3/2017 (അക്കൗണ്ട് ട്രാൻസ്ഫർ) |
| പ്രവൃത്തി ഏറ്റെടുത്ത വ്യക്തി | P.O. തോമസ്സ്, പുതുശ്ശേരി (h) മൂക്കന്നൂർ |
| ഈടാക്കേണ്ട ആദായനികുതി | ₹.972/- |

(2) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്സ് (പഞ്ചായത്തിന്റെവിധ വിവാർഡുകൾ)

| | |
|---|---|
| പ്രോജക്ട് നം. | 23/17 |
| വിഭാഗം | ധനകാര്യ കമ്മീഷൻ അവാർഡ്. |
| അടങ്കൽ | ₹.400000/- |
| ചെലവ് | ₹.99822/- |
| ചെലവ് രേഖ | ബിൽ നം.873/16-17 തീയതി 24/3/2017 (അക്കൗണ്ട് ട്രാൻസ്ഫർ) |
| പ്രവൃത്തി ഏറ്റെടുത്തത് | എക്കോമേറ്റ് എനർജി സൊല്യൂഷൻസ്,പെരുമ്പാവൂർ |
| ഈടാക്കേണ്ട ആദായനികുതി | ₹.998/- |

ആകെ ഈടാക്കാനുള്ള ആദായനികുതി 1970/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഗവണ്മെന്റ് അക്കൗണ്ടിൽ അടിയന്തിരമായി അടവാക്കേണ്ടതാണ്.

# 3-5 ആയുർവ്വേദ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ - അപാകത

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹിച്ച പ്രോജക്ടാണ് ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ. 4,00,000/- രൂപയ്ക്കുള്ള മരുന്ന് വാങ്ങി അതിന്റെ വില ഔഷധിയിൽ നല്കലാണ് പ്രോജക്ട്. പ്രോജക്ട് സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എൻ.ആർ.എച്ച്.എം. ആയുർവ്വേദ ഡിസ്പൻസറി മഞ്ഞപ്രയിലേയ്ക്ക് മരുന്നു വാങ്ങൽ |
| പ്രോജക്ടിന്റെ നം. | S0019/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവണ്മെന്റ് ആയുർവ്വേദ ആശുപത്രി അയ്യമ്പുഴ. |
| അടങ്കൽ | 4,00,000/-രൂപ |
| ചെലവ് | 4,00,000/-രൂപ |
| ചെലവ് രേഖ | ബിൽനം.1/16-17 തുക 4,00,000/-തീ.08/09/2016 ഡി.ഡി.നം.049383 തുക 4,00,000/-തീ.08 /09/2016 (ഔഷധിയ്ക്ക് നൽകി) |

| | |
|---|---|
| വിഭാഗം | മെയിന്റനൻസ് ഫണ്ട് റോഡിതരം |

ഗവണ്മെന്റ് ഉത്തരവ് (M.S)നം.71/2008ത.സ്വ.ഭ.വ. തീയതി 12/3/2008 പ്രകാരം സംരക്ഷണഗ്രാന്റ് റോഡിതരത്തിൽനിന്നും അലോപ്പതി / ആയുർവ്വേദ ആശുപത്രികളിലേയ്ക്ക് മരുന്നുകൾ വാങ്ങുമ്പോൾ ഫണ്ടിനത്തിൽ ലഭ്യമായ തുകയുടെ 10% മാത്രമേ ഉപയോഗിക്കാവൂ എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്യുന്നുണ്ട്. 2016-17 ഓഡിറ്റ് വർഷം സംരക്ഷണഗ്രാന്റ് റോഡിതരത്തിൽ പഞ്ചായത്തിന് ആകെ ലഭിച്ചത് 21,92,699/- രൂപയാണ്. ഇതിന്റെ 10% എന്നത് 2,19,270/-രൂപ മാത്രമാണ്. ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങാൻ ചെലവഴിച്ചതാകട്ടെ 4,00,000/-രൂപയും. പദ്ധതി രൂപീകരണ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 1,80,730/- രൂപ കൂടുതലായി മരുന്നു വാങ്ങലിനായി ചെലവഴിച്ചത് പഞ്ചായത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇക്കാര്യം ഗൗരവതരമായി പരിഗണിക്കേണ്ടതാണ്.

## 3-6 കന്നുകുട്ടി പരിപാലനപദ്ധതി - 7,75,000/ രൂപ തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യക കന്നുകുട്ടി പരിപാലനപദ്ധതിയുടെ നടത്തിപ്പിനായി 7,75,000/- രൂപ പഞ്ചായത്ത് അനുവദിച്ചിട്ടുള്ളതാണ് . ഈ തുക വെറ്ററിനറി സർജൻ ബിൽനം 9/16-17 തീയതി 30.03.2017 പ്രകാരം 3,87,500/- രൂപയും, ബിൽ നം. 10/16-17 തീയതി 30.03.2017 പ്രകാരം 3,87,500/- രൂപയും, മാറിയതായും മൃഗസംരക്ഷണവകുപ്പ് പ്രോജക്ട് ഓഫീസർക്ക് നല്കിയതായും കാണുന്നു. ഈ പദ്ധതിയുടെ ഭാഗമായി 16,244/- രൂപ ചെലവഴിച്ച് 62 കന്നുകുട്ടികളെ ഇൻഷ്വർ ചെയ്തതായി ഫയലിൽ കാണുന്നു. എന്നാൽ ഗുണഭോക്തൃ ലിസ്ററ് പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെയോ ആയത് പരിശോധന ചെയ്തതിന്റെയോ രേഖകൾ ഫയലിൽ ഇല്ല. ചെലവുരേഖകളുടെ അഭാവം മൂലം ചെലവു തുക 7,75,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ - ന്യൂനതകൾ

മഞ്ഞപ്ര പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ 2016-17 വർഷം നിർവ്വഹിച്ച പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. പ്രോജക്ട് സംബന്ധിച്ച വിശദ വിവരം താഴെ പറയുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മഞ്ഞപ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്നു വാങ്ങൽ |
| നം. | soo17/17 |
| വിഭാഗം | ജനറൽ , സംരക്ഷണഗ്രാന്റ് റോഡിതരം |
| അടങ്കൽ | 200000/-രൂപ |
| ചെലവ് | 200000/-രൂപ |
| ചെലവ് രേഖ | a)ബിൽ.നം.2/16-17തീയ്യതി 22/12/2016-15000/-രൂപ<br>b)ബിൽ.നം.3/16-17തീയ്യതി 22/12/2016-15000/-രൂപ<br>c)ബിൽ.നം.5/16-17തീയ്യതി 20/02/2017-50000/-രൂപ<br>d)ബിൽ.നം. 10/16-17തീയ്യതി 27/03/2017-120000/-രൂപ |

**അപാകത-1**

ചെലവ് രേഖ (a), (b) എന്നിവ പ്രകാരം മരുന്നു വാങ്ങിയിരിക്കുന്നത്, സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ അങ്കമാലിയിൽ നിന്നുമാണ്, ഇത് പ്രകാരമുള്ള മരുന്നു ലഭ്യമായിട്ടുണ്ട്. എന്നാൽ ചെലവ് രേഖ (c), (d) ഇവ പ്രകാരമുള്ള മരുന്ന് പുതിയ സാമ്പത്തിക വർഷവും ലഭ്യമായിട്ടില്ല. 1,70,000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അക്കൗണ്ട് ട്രാൻസ്ഫറിലൂടെ കൈമാറിയിട്ടും (PNB മെഡിക്കൽ കോളജ് ബ്രാഞ്ച് തിരുവനന്തപുരം അക്കൗണ്ട് നം.3624001800000019) നാളിതുവരെയായി മരുന്നുകൾ ലഭ്യമായില്ല. മരുന്ന് ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**അപാകത-2**

12-ാം പദ്ധതി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്.) 4/2016ത.സ്വ.ഭ.വ. 11/1/2016 പ്രകാരം, ആരോഗ്യസ്ഥാപനത്തിലേയ്ക്ക് മരുന്നു വാങ്ങുന്നതിനു മുമ്പ് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് അനുശാസിക്കുന്നു. ആശുപത്രിയിലേയ്ക്ക് 2,00,000/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനു വേണ്ടി പ്രോജക്റ്റ് നടപ്പാക്കിയപ്പോൾ നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. നോൺ- അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ പ്രോജക്റ്റ് നിർവ്വഹിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ പ്രോജക്റ്റ് നിർവ്വഹിച്ചതിനാൽ 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 വെള്ളക്കരത്തിന് പിഴ

വാട്ടർ അതോറിറ്റിയുടെ ബിൽ നമ്പർ 3371/08.03.2017 പ്രകാരം വെള്ളക്കരത്തിന് പിഴ ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പിഴ ഡിമാന്റ് ചെയ്തതിന് കാരണം വ്യക്തമല്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.09.2011ലെ ജി.ഒ.(ആർ.ടി.)2242/11 പ്രകാരം വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും ഭാവിയിൽ പിഴ ഒടുക്കേണ്ട സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 3-9 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ നിവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്റ്റുകളുടെ പേരിൽ വിവിധ സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രവൃത്തിയുടെപേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏജൻസി | ചെലവ് | വിഭാഗം |
|---|---|---|---|---|
| 1 | SSA വിഹിതം അടവാക്കൽ, ഹെഡ്മാസ്റ്റർ ബിൽ നമ്പർ 1/16-17 | സാക്ഷരതാ മിഷൻ | 4,00,000 | ജനറൽ |
| 2 | വൈദ്യുതിക്കാൽ മാറ്റിയിടൽ, സെക്രട്ടറി, വൗച്ചർ നമ്പർ.898/17 | KSEB | 8,250 | തനതുഫണ്ട് |
| 3 | വൈദ്യുതിക്കാൽ മാറ്റിയിടൽ, സെക്രട്ടറി, വൗച്ചർ നമ്പർ.760/17 | KSEB | 3,850 | തനതുഫണ്ട് |

| ആകെ | 4,12,100 | |
|---|---|---|

വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,50,000 | പാലിന് സബ്സിഡി | 2,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,75,000 | ശാരീരികവും മാനസികവുമായ വെല്ലുവിളികളെ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,75,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 6-ാം വാർഡ് ചുണങ്ങാംകുന്ന് പൈപ്പ് ലൈൻ നീട്ടൽ | 21600766/ 06.03.17 | 65,000 | 65,000 | 0 |
| KWA | ആനപ്പാറ കരമല കനാൽബണ്ട്റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ | ബിൽ നം.906/16-17 | 2,12,000 | 2,12,000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാ രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവനപദ്ധതി | 530/2010 | 81,82,500 | 3205575 | 8,18,250 | 221788 | 2387325 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3095/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14, 2014-15 | 2-2 | 500 | ജോമോൻ കെ.ബേബി | 11602101411 തീയതി. 10.08.2016 |
| ---”--- | 2-2 | 500 | കെ.ജെ.ബേബി | 11602101412 തീയതി. 10.08.2016 |
| ---”--- | 2-2 | 995 | ഇക്കോമേററ് എനർജി സോലൂഷൻസ് | 11602101965 തീയതി. 01.10.2016 |
| 2015-16 | 3-2(5) | 1,100 | ഇക്കോമേററ് എനർജി സോലൂഷൻസ് | 11602103516 തീയതി. 01.02.2017 |
| | ആകെ | 3,095 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,94,22,019 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,71,81,399 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,75,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 7,75,000 | ഡോ.ശൈലേഷ് കുമാർ<br>വെറ്ററിനറി സർജൻ |
| 3-7 | 2,00,000 | ഡോ.സലിമ അബ്ദുൾസലാം<br>മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| ആകെ | 9,75,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | ₹.1,970/- | ആദായനികുതി | രാധാകൃഷ്ണൻ ടി.പി.<br>സെക്രട്ടറി,ഗ്രാമപഞ്ചായത്ത് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി3)716/98 - 14.10.1998 |
| 1997-98 | എൽ.എഫ്.ഇ.(പി4)210/00 - 01.12.2000 |
| 1998-99 | എൽ.എഫ്.ഇ.(പി4)1210/04 - 05.03.2005 |
| 1999-00 | എൽ.എഫ്.ഇ.(പി4)1221/04 - 11.03.2005 |
| 2000-01 | എൽ.എഫ്.ഇ.(പി4)441/05 - 07.10.2005 |
| 2001-02 | എൽ.എഫ്.ഇ.(പി4)78/04 - 21.01.2007 |
| 2002-03 | എൽ.എഫ്.ഇ.(പി4)1427/08 – 20.03.2009/30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി4)1428/08 - 20.03.2009/30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി4)1429/08 – 20.03.2009/30.11.2009 |
| 2005-06 | എൽ.എഫ്.ഇ.(പി4)1430/08 – 20.03.2009/30.11.2009 |

| | |
|---|---|
| 2006-07 | എൽ.എഫ്.ഇ.(പി4)1431/98 – 20.03.2009/30.11.2009 |
| 2007-08 | എൽ.എഫ്.ഇ.(പി4)1079/09 - 20.01.2010 |
| 2008-09 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2009-10 | എൽ.എഫ്.ഇ.(പി4)1792/10 - 05.08.2011/11.10.2011 |
| 2010-11 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി4)1335/14 - 13.10.2014/14.11.2014 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം(പി4എ) 1001/2016 - 27.06.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി4) 2204/2016 – 24.12.2016 |

തീർപ്പാക്കാനുള്ള റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇ.കെ.എം(പി4)1814/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030

ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 16.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX – I

# AUDIT CERTIFICATE – 2016-17

No.KSA-EKM(P.4)1814/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 16.09.2017

Certified that I have audited the Annual Financial Statement of MANJAPRA Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of MANJAPRA Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

Deputy Director